നം ക്യൂഐപി(1)/8016/2020/ഡിജിഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി: 13.03.2020
ഫോൺ: 0471 2580587
ഇമെയിൽ: supdtqip.dge@kerala.gov.in

# സർക്കുലർ

വിഷയം: പൊ.വി.വ – മാർച്ച് 31 വരെയുള്ള കാലയളവിലെ സ്കൂൾതല പ്രവർത്തന ങ്ങളുടെ ആസൂത്രണവും അവലോകനവും സംബന്ധിച്ച്.

സൂചന: 1. സർക്കാർ ഉത്തരവ് സാ.ധാ നം. 1264/2020/പൊ.വി.വ തീയതി 11.03.2020.

2. ഈ കാര്യാലയത്തിലെ 11.03.2020 തീയതിയിലെ ആർ.ആർ(1)/3226/2020/ ഡിജിഇ നമ്പർ സർക്കുലർ.

ഒന്നുമുതൽ ഏഴുവരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് നിലവിലെ പ്രത്യേക സാഹചര്യത്തിൽ അദ്ധ്യയനം മാർച്ച് 31 വരെ നിർത്തിവെച്ചിരിക്കുകയാണ്. ഈ കാലഘട്ടത്തെ കഴിഞ്ഞ അദ്ധ്യയന വർഷത്തെ പ്രവർത്തനങ്ങളുടെ അവലോകനവും അടുത്ത അദ്ധ്യയന വർഷത്തെക്കുള്ള ആസൂത്രണകാലവുമാക്കി മാറ്റേണ്ടതാണ്. പ്രഥമാദ്ധ്യാപകൻ/അദ്ധ്യാപികയുടെ നേതൃത്വത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ സ്ക്കൂൾ തലത്തിൽ ചെയ്യാവുന്നതാണ്.

1) **കൊറോണ പ്രതിരോധ പ്രവർത്തനത്തിനും അവബോധത്തിനുമുള്ള പദ്ധതികൾ:** ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ പൊതുജനങ്ങൾക്കും വിദ്യാർത്ഥി കൾക്കും രക്ഷിതാക്കൾക്കും കൊറോണ പ്രതിരോധ പ്രവർത്തനത്തിൽ കൃത്യമായ അവബോധം നൽകുന്നതിൽ അദ്ധ്യാപകർക്ക് വലിയ പങ്ക് വഹിക്കാനാകും. ഇതി നുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

2) **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതി നായി സ്കൂളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ തയ്യാറാക്കൽ.**

3) **2020–21 അദ്ധ്യയന വർഷത്തെ പ്രവേശനോത്സവത്തിനു മുന്നോടിയായുള്ള പ്രവർത്തനങ്ങൾ.**

- വിദ്യാലയത്തിലേയ്ക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനും പ്രവേശ നോത്സവം സംഘടിപ്പിക്കുന്നതിനുമുള്ള മുന്നൊരുക്കങ്ങൾ

- പി.ടി.എ.-എസ്.എം.സി യോഗം ചേരുന്നതിനുള്ള ഒരുക്കങ്ങൾ (യോഗം ഇപ്പോൾ ചേരേണ്ടതില്ല)
- മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിദ്യാലയങ്ങളിൽ പ്രത്യേക കാമ്പെയ്ൻ സംഘടിപ്പിക്കുന്നതിനുള്ള ആസൂത്രണ നിർവ്വഹണ പ്ലാൻ തയ്യാറാക്കൽ, അതിനുള്ള മുന്നൊരുക്കം.

## 4) ഐ.സി.ടി.പരിശീലനത്തിനുള്ള സ്വയം തയ്യാറെടുപ്പ്

ഈ വർഷം ഒന്നുമുതൽ ഏഴുവരെ ക്ലാസുകളിലെ അദ്ധ്യാപകർക്ക് അവധിക്കാലത്ത് ഇ-ക്യൂബ് ഇംഗ്ലീഷുമായി ബന്ധപ്പെട്ട പരിശീലനം നൽകാൻ സ.ഉ(സാധാ)നം.804/2020/പൊ.വി.വ തീയതി: 17.02.2020 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ഐ.ടിയിൽ പൊതുവായും സമഗ്രപോർട്ടൽ ഇ-ക്യൂബ് ഇംഗ്ലീഷ് എന്നിവയിൽ പ്രത്യേകമായും അഞ്ചു ദിവസത്തെ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിൽ ആദ്യത്തെ ഭാഗം 30 മണിക്കൂർ ദൈർഘ്യം ഉള്ള (അഞ്ചു ദിവസം) ഓൺ ലൈൻ മൊഡ്യൂൾ ആയി അദ്ധ്യാപകർ അതതു സ്ക്കൂളിൽ നിന്നു തന്നെ പരിശീലിക്കണം. 2020 മാർച്ച് 18 മുതൽ 31 വരെയുള്ള കാലയളവിൽ അദ്ധ്യാപകർ അതതു സ്ക്കൂളുകളിൽ തന്നെ ഈ പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. ഈ മുപ്പതു മണിക്കൂർ ഐ.ടി. പരിശീലനത്തിന്റെ തുടർച്ചയാണ് അവധിക്കാല പരിശീലനം എന്നതിനാൽ ഇതുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളുടെ മൂല്യനിർണ്ണയം അവധിക്കാല പരിശീലനത്തിന്റെ പ്രീ ടെസ്റ്റ് ആയി നടത്തുന്നതാണ്. ഈ പരിശീലനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ കൈറ്റ് സി.ഇ.ഒ നൽകുന്നതായിരിക്കും.

## 5) സ്ക്കൂൾ/ക്ലാസ്സ് ലൈബ്രറി ക്രമീകരണം

അടുത്ത അക്കാദമിക വർഷം തുടക്കത്തിൽ തന്നെ മുഴുവൻ വിദ്യാലയങ്ങളിലും ക്ലാസ് ലൈബ്രറികൾ ഉണ്ടാകണമെന്ന ആശയം ബഹു.പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി മുന്നോട്ടുവെച്ചിട്ടുണ്ട്. ഇതു സാർത്ഥകമാക്കുന്നതിനു വേണ്ടി സൂഷ്മതല ആസൂത്രണവും നിർവ്വഹണ പ്ലാനും എത്രയും പെട്ടെന്ന് നടത്തേണ്ടതുണ്ട്. സ്കൂൾ വർഷാരംഭത്തിൽ തന്നെ കുട്ടികൾക്ക് പുസ്തക വിതരണം നടത്താവുന്നതരത്തിൽ സ്കൂൾ ലൈബ്രറിയും ക്ലാസ്സ് ലൈബ്രറിയും സജ്ജമാക്കേണ്ടതാണ്.

6) **ശുചിത്വവിദ്യാലയം ഹരിത വിദ്യാലയം - സുസ്ഥിരശുചിത്വ സംവിധാനം ഒരുക്കൽ**

സ്ക്കൂളിനായി കൃത്യമായ ശുചിത്വ പ്രോട്ടോകോൾ തയ്യാറാക്കി ക്ലാസ്സ്തലത്തിൽ ശുചിത്വപാലനത്തിനുള്ള കുട്ടികളുടെ ചുമതലാഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനുള്ള ആസൂത്രണം.

7) **അക്കാദമിക് മാസ്റ്റർപ്ലാൻ - പുനരവലോകനം - നവീകരണം**

- സ്ക്കൂൾ നേടേണ്ട പൊതു അക്കാദമിക ലക്ഷ്യങ്ങൾ കൃത്യതപ്പെടുത്തൽ
- ഓരോ ക്ലാസ്സ് തലത്തിലും (പ്രായഘട്ടത്തിനനുസൃതമായി) കുട്ടികൾ നേടേണ്ട അറിവും കഴിവും ശേഷിയും കൃത്യതപ്പെടുത്തൽ
- അക്കാദമിക പ്ലാനിനനുസൃതമായി സമയബന്ധിത ആക്ഷൻ പ്ലാൻ ഉണ്ടാക്കൽ
- അക്കാദമിക മാസ്റ്റർപ്ലാനിനെ അടിസ്ഥാനമാക്കി മാസം തിരിച്ച് പ്രവർത്തനങ്ങളും, ചുമതലകളും സമയ-സംഘാടന നിർദേശങ്ങളുമടങ്ങുന്ന കലണ്ടർ തയ്യാറാക്കൽ (ഇതിൽ പ്രഥമാദ്ധ്യാപകരുടെ മുതൽ കുട്ടികളുടെ വരെയുള്ള റോൾ വ്യക്തമാക്കുന്നതരത്തിൽ വികേന്ദ്രീകരിച്ച് ചുമതലകൾ നൽകണം).

8) **സ്കൂൾ ഭൗതികസൗകര്യങ്ങൾ വിലയിരുത്തലും കണ്ടെത്തുന്ന കുറവുകൾ പരിഹരിക്കുന്നതിനാവശ്യമായിട്ടുള്ള ഇടപെടലുകളും.**

9) **സാങ്കേതിക വിദ്യയുടെ ഫലപ്രദമായ പ്രയോഗത്തിന് സജ്ജമാകൽ**

- സമഗ്രപോർട്ടൽ സാധ്യതകൾ എങ്ങിനെ പ്രയോജനപ്പെടുത്താം എന്ന ആസൂത്രണം
- പഠനവസ്തുതകൾ കുട്ടികൾക്ക് സ്വാംശീകരിക്കാൻ കഴിയുംവിധം എന്തെന്ത് ഡിജിറ്റൽ വിഭവങ്ങൾ പ്രയോജനപ്പെടുത്താമെന്ന് നിജപ്പെടുത്തൽ.

10) **സ്കൂൾതലത്തിൽ ആവശ്യമായ പഠനോപകരണങ്ങൾ തയ്യാറാക്കൽ**

- ഓരോ വിഷയത്തിനും/ക്ലാസ്സിലേക്കും ആവശ്യമായ പഠനോപകരണങ്ങളുടെ പട്ടിക പാഠപുസ്തകം, അദ്ധ്യാപകസഹായി എന്നിവ വെച്ച് തയാറാക്കൽ (അദ്ധ്യാപക ഗ്രൂപ്പുകൾ)
- സ്കൂളിൽ നിലവിൽ ലഭ്യമായവ ഒഴിച്ച് ബാക്കിയുള്ളവയുടെ പട്ടിക തയാറാക്കി വാങ്ങേണ്ടവ, ശേഖരിക്കേണ്ടവ, നിർമ്മിക്കേണ്ടവ എന്നിങ്ങനെ തരംതിരിക്കൽ; അതിനാവശ്യമായ നടപടികൾ സ്വീകരിക്കൽ

11) **അതത് സ്കൂൾ/പ്രദേശത്തിന്റെ പ്രത്യേകതയും ആവശ്യകതയും കണക്കിലെടുത്ത് യുക്തമായ മറ്റ് പ്രവർത്തനങ്ങളുടെ ആസൂത്രണം.**

ഈ വിഷയത്തിൽ സ്കൂൾതലത്തിൽ കൈകൊണ്ട നടപടികൾ സംബന്ധിച്ച റിപ്പോർട്ട് മാർച്ച് അവസാനവാരം ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകേണ്ടതാണ്.

DIRECTORATE OF GENERAL EDUCATION * Jagathy, Thiruvananthapuram-14 *

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും.
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ എൽ.പി/യു.പി പ്രഥമാദ്ധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)